പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1851 01.11.2019-ലെ മറുപടിക്ക്

## സൗജന്യ യാത്രാ സൗകര്യം

**ചോദ്യം**

ശ്രീ. കെ.എം.ഷാജി

**മറുപടി**

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ദീർഘകാലം ലൈൻഡ്യൂട്ടി നോക്കി പെൻഷനായി മരണപ്പെട്ടവരുടെ വിധവകൾക്കും മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നില്ലെങ്കിൽ സ്ഥിരമായ സൗജന്യയാത്രാപാസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും പെൻഷനായി മരണപ്പെട്ടവരുടെ വിധവകൾക്ക് സൗജന്യ യാത്രാ പാസ് അനുവദിക്കുവാൻ നിലവിലെ നിയമ വ്യവസ്ഥ അനുസരിച്ച് നിർവ്വാഹമില്ല. കോർപ്പറേഷന്റെ സർവ്വീസിൽ നിന്ന് വിരമിച്ചവർക്ക് അനുവദിച്ചുവരുന്ന ഫോട്ടോ കാർഡ് പാസ് ഉപയോഗിച്ച് താമസസ്ഥലത്തിനടുത്തുള്ള യൂണിറ്റിൽ നിന്നും 12 Km. ദൂരം ഫാസ്റ്റ് പാസഞ്ചർ ബസിൽ സൗജന്യമായി യാത്ര ചെയ്യുന്നതിന് കോർപ്പറേഷൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് വർഷത്തിലൊരിക്കൽ നൽകുന്ന കുടുംബ പാസ് ഉപയോഗിച്ച് (പെൻഷനറുടെ ഭാര്യ/ ഭർത്താവിനു മാത്രം) സംസ്ഥാനത്തിനകത്ത് സൂപ്പർ ഫാസ്റ്റ് വരെയുള്ള ബസുകളിൽ ദൂരപരിധി ഇല്ലാതെ സൗജന്യമായി യാത്ര ചെയ്യുന്നതിന് ഫാമിലി പാസ് അനുവദിച്ചുവരുന്നുണ്ട്. |
| (ബി) | ഇത്തരത്തിൽ പണി എടുത്ത് പെൻഷനായവരുടേതൊഴികെ മറ്റ് എല്ലാ രീതിയിലുള്ള സൗജന്യയാത്രാ പാസ്സുകളും നിലനിർത്തുമ്പോൾ ഇത്തരക്കാരോട് മാത്രം നിഷേധ നിലപാട് സ്വീകരിക്കുന്നതിൽ മാറ്റം വരുത്താൻ തയ്യാറാകുമോ; എങ്കിൽ വ്യക്തമാക്കുമോ? | (ബി) | സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായിട്ടാണ് കെ.എസ്.ആർ.ടി.സിയിൽ നിന്നും സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന അംഗപരിമിതർക്ക് സൗജന്യ യാത്രാ പാസ്സുകൾ അനുവദിച്ചുവരുന്നത്. തന്മൂലം കെ.എസ്.ആർ.ടി.സി കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ആയതിനാൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കോർപ്പറേഷന് പുതുതായി അധിക ബാദ്ധ്യത കൂടി ഏറ്റെടുക്കുവാൻ നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**